(ബി) എന്തെല്ലാം സഹായങ്ങളാണ് വിദേശ മലയാളികൾക്ക് ഇതുവഴി ലഭിക്കാൻ സാദ്ധ്യതയുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഏതെല്ലാം രീതിയിലാണ് പ്രസ്തുത കോർപ്പറേഷനെ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ രൂപവൽക്കരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) വിദേശ ഇൻഡ്യാക്കാരുടെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്ന മലയാളികളുടെ സമ്പാദ്യം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുന്നതിനും അതോടൊപ്പം തന്നെ അവർക്ക് സാമ്പത്തിക മേന്മ ഉറപ്പ് വരുത്തുന്നതിനും ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കോർപ്പറേഷന്റെ രൂപീകരണം പ്രയോജനപ്രദമാകുമോ എന്നതു സംബന്ധിച്ച് വിശദമായി ഫീസിബിലിറ്റി സ്റ്റഡി നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ഐ.സി.ഐ.സി.ഐ. കിൻഫ്രാ സംരംഭമായ ഐ.-കിൻ നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

11 (1371) പ്രവാസി കേരളീയർക്കുള്ള സഹായങ്ങൾ

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയർക്കുവേണ്ടി സംസ്ഥാന സർക്കാർ എന്തൊക്കെ സഹായങ്ങളാണ് ചെയ്തു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രവാസി ഭവനങ്ങൾ എന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രവാസികളുടെ മാതാപിതാക്കൾക്കുവേണ്ടി വൃദ്ധസദനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതിയെന്താണെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ റേഷൻ കാർഡുകളിൽ പ്രവാസി മലയാളികളുടെ പേരുകൾ ചേർക്കുന്നതിന് പരിപാടിയിട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് സംബന്ധിച്ച് നടപടികളുടെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രവാസി കേരളീയർക്കായി പ്രവാസി സുരക്ഷ കുടുംബ ആരോഗ്യ എന്ന അപകട-ചികിത്സാ ചെലവ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി.

വിദേശത്ത് കാണാതാകുന്നവർ, വാഗ്ദാനം ചെയ്യപ്പെട്ട തൊഴിൽ, ശമ്പളം, താമസസൗകര്യം എന്നിവ ലഭിക്കാതെ വലയുന്നവർ, സ്പോൺസർമാർ

LIBRARY ARCHIVES Kerala Legislative Assembly

കൈയൊഴിയുന്ന വീട്ടുജോലിക്കാരായ കേരളീയ വനിതകൾ എന്നിവയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട എംബസികളുടെയും കോൺസുലേറ്റുകളുടെയും സഹായം ലഭ്യമാക്കിവരുന്നു.

വിദേശത്ത് മരണമടയുന്നവരുടെ മൃതദേഹം നാട്ടിലെത്തിക്കാൻ സഹായിക്കുക, വിദേശ കേരളീയരുടെ നാട്ടിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാരിന്റെ വിവിധ ഏജൻസികളുടെ പ്രവർത്തനം ലഭ്യമാക്കുക എന്നിവയാണ് പ്രവാസി കേരളീയർക്ക് നൽകിവരുന്ന മറ്റ് സഹായങ്ങൾ.

(ബി) ഇപ്രകാരം ഒരു പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടില്ല.

(സി) ഇപ്രകാരം ഒരു പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ)&(എഫ്) 2000-ാംമാണ്ടിൽ വിതരണം ചെയ്യാനുദ്ദേശിക്കുന്ന പുതിയ റേഷൻ കാർഡുകളിൽ പ്രവാസി കേരളീയരുടെ പേരും ഉൾപ്പെടുത്തുന്നതിന് എന്യൂമറേഷൻ സമയത്ത് വിദേശ കേരളീയരുടെ വിവരവും ശേഖരിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

12 (1372) നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി പ്രവാസി കേരളീയർക്ക് വേണ്ടി എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) പ്രവാസികൾക്ക് വേണ്ടിയുള്ള പ്രവാസി കേരളീയ കുടുംബാരോഗ്യ പദ്ധതിയിൽ ചേരുന്നവർക്ക് എന്തെല്ലാം പ്രയോജനം ലഭിക്കും;

(സി) ഈ പദ്ധതിയിൽ ചേരുന്നവർ എന്ത് തുകയാണ് അടയ്ക്കേണ്ടത്;

(ഡി) തുക അടയ്ക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതാരാണ്;

(ഇ) ഈ പദ്ധതിയിൽ ഗവൺമെന്റിന് ആളൊന്നുക്ക് എന്ത് ചെലവ് വരും;

(എഫ്) ഈ പദ്ധതിയിൽ ചേരുന്ന പ്രവാസി മലയാളികൾ അടയ്ക്കുന്ന തുകയിൽനിന്ന് ഗവൺമെന്റിന് എന്തെങ്കിലും കമ്മീഷൻ ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ജി) ഇതുവരെ ഈയിനത്തിൽ ഗവൺമെന്റിന് എന്തു തുക ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നോൺ റസിഡന്റ് കേരളൈറ്റ്സ് വെൽഫെയർ ഏജൻസി ഇതുവരെ പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല. പ്രവാസി കേരളീയർക്കായി ഒരു

LIBRARY ARCHIVES Kerala Legislative Assembly